## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ *163.

03.10.2016 ൽ മറുപടിയ്ക്ക്

## ഭൂമി കയ്യേറ്റം

ചോദ്യം

ശ്രീ. വി.ജോയി
ശ്രീ. ജെയിംസ് മാത്യു
ശ്രീ. ബി.സത്യൻ
ശ്രീ. ജോൺ ഫെർണാണ്ടസ്

ഉത്തരം

ശ്രീ.പിണറായി വിജയൻ
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വകാര്യഫ്ലാറ്റ് കമ്പനി മുൻ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരത്ത് പാറ്റൂരിൽ ഭൂമി കയ്യേറിയതിനെക്കുറിച്ച് വിജിലൻസ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന പരാമർശങ്ങൾ വ്യക്തമാക്കുമോ; | (എ) | പാറ്റൂർ ഭൂമി കൈയ്യേറ്റത്തെക്കുറിച്ച് എസ്.സി. 03/2013/റ്റി.വി.എം നമ്പരായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഒരു മിന്നൽ പരിശോധന നടത്തി റിപ്പോർട്ട് 15.06.2013-ൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിലെ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു:-<br>1) പുറമ്പോക്ക് ഭൂമി കയ്യേറിയതിനു ആവൃതിമാൾ എന്ന സ്ഥാപനത്തിനെതിരെ ലാന്റ് കൺസർവൻസി നിയമ പ്രകാരം കേസ് എടുക്കേണ്ടതാണ്.<br>2) പ്രധാന സ്വീവേജ് ലൈൻ കടന്നു പോകുന്ന ഭൂമി സംരക്ഷിക്കുന്നതിനു ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകേണ്ടതാണ്.<br>3) സർക്കാർ ഭൂമി കയ്യേറിയതിന് ആവൃതിമാൾ മാനേജ്മെന്റിനെതിരെ, ആവശ്യമായനിയമോപദേശം തേടിയ ശേഷം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിനു ജില്ലാ ഭരണകൂടത്തിന് നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകേണ്ടതാണ്.<br>4) മേൽ പറഞ്ഞ പുറമ്പോക്ക് ഭൂമിയിലൂടെ പ്രധാന സ്വീവേജ് ലൈൻ കടന്നു പോകുന്നതിനാൽ ആയത് ഇപ്പോൾ പാട്ടത്തിനെടുത്തിരിക്കുന്ന സ്വകാര്യ സ്ഥാപനത്തിന് യാതൊരു കാരണവശാലും തുടർന്ന് പാട്ടത്തിനോ മറ്റോ നൽകരുത് എന്ന് ബന്ധപ്പെട്ട അധികാരികൾക്കു നിർദ്ദേശം നൽകേണ്ടതാണ്.<br>5) ആർടെക് റിയൽട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും സ്വീവേജ് ലൈൻ മാറ്റുന്നതിനു വേണ്ടി 14.80 ലക്ഷം രൂപ ജല അതോറിറ്റി വാങ്ങിയതിനെക്കുറിച്ച് ജല അതോറിറ്റി വിജിലൻസ് വിഭാഗം അന്വേഷിക്കേണ്ടതാണ്. |
| (ബി) | റിപ്പോർട്ടിൽ കുറ്റക്കാരായി ആരെയൊക്കെയാണ് സൂചിപ്പിച്ചിട്ടുള്ളത്; അവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; | (ബി) | ആവൃതിമാൾ മാനേജ്മെന്റ്, ആർടെക് റിയൽട്ടേഴ്സ് എന്നീ സ്വകാര്യ സ്ഥാപനങ്ങൾ. കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| (സി) | ലോകായുക്ത നിർദ്ദേശ പ്രകാരം അന്നത്തെ വിജിലൻസ് എ.ഡി.ജി.പി. ഭൂമി കയ്യേറ്റത്തെക്കുറിച്ച് സമർപ്പിച്ച റിപ്പോർട്ടിലെ വിവരം വെളിപ്പെടുത്താമോ; പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ? | (സി) | കേരള ലോകായുക്ത മുമ്പാകെ C 964/14 എ നമ്പർ പരാതിയിൽ കേരള ലോകായുക്ത നിയമം സെക്ഷൻ 16(3) വകുപ്പ് പ്രകാരം ബഹു. ലോകായുക്തയുടെയും, ബഹു. ഉപ ലോകായുക്തയുടെയും ഉത്തരവ് അനുസരിച്ച് ലോകായുക്ത നിയമം സെക്ഷൻ 16(3) പ്രകാരം ശ്രീ.ജേക്കബ് തോമസ് IPS എ.ഡി.ജി.പി പാറ്റൂർ ഭൂമി ഇടപാടിനെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മേൽ നമ്പർ പരാതി ബഹു. ലോകായുക്തയുടെയും, ബഹു. ഉപ ലോകായുക്തയുടെയും |

| | | | |
|---|---|---|---|
| | | | അന്വേഷണത്തിൻ കീഴിൽ വരുന്നതിനാൽ ലോകായുക്ത നിയമം 17(1) വകുപ്പ് പ്രകാരം വിവരശേഖരണത്തിന്റെ രഹസ്യ സ്വഭാവം കണക്കിലെടുത്ത് ടി റിപ്പോർട്ടിലെ വിവരങ്ങൾ നൽകാൻ സാധിക്കാത്തതാണ്. |

**സെക്ഷൻ ഓഫീസർ**